# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 332 4.2.2013 ൽ മറുപടിക്ക്

## പോലീസ് ഡിപ്പാർട്ട്മെന്റിലുള്ള ഒഴിവുകൾ സംബന്ധിച്ച്

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) പോലീസ് ഡിപ്പാർട്ട്മെന്റിൽ, സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള തസ്തികകളിലെ ഒഴിവുകൾ എത്ര എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) പോലീസ് ഡിപ്പാർട്ട്മെന്റിൽ, സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള തസ്തികകളിലെ ഒഴിവുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:<br>1) സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്)-2 ഒഴിവുകൾ, വിശദാംശം അനുബന്ധം -I ൽ ചേർത്തിരിക്കുന്നു.<br>2) ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിൽ 2 ഒഴിവുകൾ നിലവിലുണ്ട്, വിശദാംശം അനുബന്ധം II ൽ ചേർത്തിരിക്കുന്നു.<br>3) സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് - 30 ഒഴിവുകൾ നിലവിലുണ്ട്. വിശദാംശം അനുബന്ധം -III ൽ ചേർത്തിരിക്കുന്നു. |
| ബി) സർക്കിൾ ഇൻസ്പെക്ടർ, ഡി.വൈ.എസ്.പി,എസ്.പി, എന്നീ കേഡറുകളിലേയക്ക് പ്രമോഷൻ നൽകേണ്ട ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഓരോ കേഡറിലേക്കും പ്രമോഷൻ ലഭിക്കേണ്ടവരുടെ പട്ടിക ഡി.പി.സി കൂടി എന്നാണ് തയ്യാറാക്കിയത് എന്ന് കാറ്റഗറി തിരിച്ചു, തീയതി വ്യക്തമാക്കാമോ, പ്രസ്തുത പട്ടിക ലഭ്യമാക്കുമോ;<br>സി) മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിലും ഡി.പി.സി കൂടിയതിനുശേഷം എത്ര പേർക്ക് പ്രമോഷൻ നൽകി നിയമിച്ചിട്ടുണ്ട് എന്ന്, കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ; | ബിയും, സിയും) ഉണ്ട്.<br>സി.ഐ മാരായി സ്ഥാനക്കയറ്റം നൽകുന്നതിനായി എസ്.ഐ മാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ലോവർ ഡി.പി.സി 24.8.2012 ൽ കൂടുകയും 50 പേരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികയുടെ പകർപ്പ് അനുബന്ധം IV ആയി ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ഈ പട്ടികയിൽ നിന്നും ആദ്യത്തെ 7 എസ്.ഐ മാരെ സി.ഐമാരായി പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട്.<br>ഡി.വൈ.എസ്.പി മാരായി സ്ഥാനക്കയറ്റം നൽകുന്നതിനു വേണ്ടി അർഹതയുള്ള സി.ഐ മാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി ഹയർ ഡി.പി.സി 31.5.2012 ൽ കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി. ഈ സെല്ക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 38 പേരിൽ 37 പേർക്കും സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |

| | |
|---|---|
| | പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം V ആയി ചേർക്കുന്നു. കൂടാതെ 14.8.2012 ൽ ചേർന്ന അഡ്ഹോക്ക് ഡി.പി.സി (ഹയർ) പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 2 സി.ഐ മാർക്കും ഡി.വൈ.എസ്.പി മാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്) മാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ഡി.വൈ.എസ്.പി മാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഹയർ ഡി.പി.സി 22.5.2012 ൽ കൂടി സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കിയിരുന്നു. ഇതിൻപ്രകാരം അംഗീകരിച്ച സെലക്ട് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം VI ആയി ഇതോടൊപ്പം ചേർക്കുന്നു. ഇതിൽ സീരിയൽ നമ്പർ 19 വരെയുള്ളവരെ ഇതിനോടകം തന്നെ സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്) മാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. കൂടാതെ 14.8.2012 ൽ ചേർന്ന അഡ് ഹോക്ക് ഡി.പി.സി (ഹയർ) പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഒരു ഡി.വൈ.എസ്.പിയ്ക്കും സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |
| ഡി) ബാക്കിയുള്ളവരുടെ നിയമനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഈ കേഡറുകളിലെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. | ഡി) മേൽ പറയുന്ന നിലവിലെ ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| ഇ)സബ് ഇൻസ്പെക്ടർ കേഡറിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ, പ്രോമോഷൻ വഴി നികത്തുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്; നിരവധി അഭ്യസ്തവിദ്യർ കോൺസ്റ്റബിൾ തസ്തികയിൽ ജോലി ചെയ്യുന്നതിനാൽ ഇവരിൽ ഡിഗ്രിയും അതിൽ ഉയർന്ന യോഗ്യതകളും ഉള്ളവരെ നേരിട്ട് പ്രസ്തുത കേഡറിലേക്ക് ഉയർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | ഇ) സബ് ഇൻസ്പെക്ടർ കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ കേരള പോലീസ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിധേയമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ടും, ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ ബോർഡ് തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റ് പ്രകാരമുള്ള പ്രമോഷൻ വഴിയും നികത്തുന്നതാണ് നിലവിലുള്ള മാനദണ്ഡം. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ